കേരള സർക്കാർ
പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം 2026</u>

### <u>എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി</u>

2026-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക്, വിദ്യാർത്ഥികളുടെ യോഗ്യതാ പരീക്ഷയുടെ (+2/തത്തുല്യം) മാർക്ക് വിവരങ്ങൾ ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ചതും, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതുമായ മാർക്ക് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വെബ്സൈറ്റിൽ **17.06.2026, 6.00 PM വരെ** വിദ്യാർത്ഥികൾക്ക് മാർക്ക് പരിശോധിക്കാവുന്നതാണ്.

വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2026-Canddiate Portal'** എന്ന ലിങ്കിലൂടെ അപേക്ഷകർ അവരുടെ അപേക്ഷാ നമ്പർ, പാസ്സ്‌വേർഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'+2 Mark Verification for Engg'** എന്ന മെനു ക്ലിക്ക് ചെയ്ത് രണ്ടാംവർഷ യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, പഠിച്ച ബോർഡ്, പാസായ വർഷം എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്പേജിൽ കാണിച്ചിട്ടുള്ള മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിന്/വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തിരുത്തലുകൾ ആവശ്യമില്ലാത്തവയ്ക്ക് നേരെ 'No Change' ഉം മാർക്ക് ചെയ്ത തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റുകൾ ഒരു pdf ആയി

അപ്‌ലോഡ് ചെയ്യേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് തപാലിലോ, നേരിട്ടോ, ഇമെയിൽ/ഫാക്സ് മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- മുൻ വിജ്ഞാപന പ്രകാരം, അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്‌റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ പരിശോധനാവേളയിൽ ദൃശ്യമാകുന്നതല്ല. അവർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.
- 17.06.2026, വൈകുന്നേരം 6.00 മണിക്കുള്ളിൽ ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2026-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**കുറിപ്പ്:**

ഒന്നിലേറെ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതുണ്ടെങ്കിൽ ആയത് സ്കാൻ ചെയ്ത് ഒരു pdf ആക്കി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

*റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, പാസായ വർഷം, പഠിച്ച ബോർഡ് എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്*

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15-06-2026